I.ഇ.ബി. XII കേരള നിയമസഭ/XI-18

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 16, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

നക്ഷത്ര ചിഹ്നമിട്ട 365-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 09-07-09-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിട്ട 365-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവിനുള്ള തിരുത്തിയ ഉത്തരം വ്യവസായ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തിര പ്രമേയം**

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

മി. സ്പീക്കർ: റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാത്തതുമൂലം ഈ മാസം റദ്ദാകുന്ന പത്തെണ്ണം ഉൾപ്പെടെ ഈ സാമ്പത്തിക വർഷം നിരവധി ലിസ്റ്റുകൾ റദ്ദാകുന്നതുമൂലമുളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

സര്‍വ്വശ്രീ വി.ഡി. സതീശന്‍, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാര്‍, പി.സി. ജോര്‍ജ് എന്നീ അംഗങ്ങള്‍ റൂള്‍ 50 അനുസരിച്ച് നോട്ടീസ് നല്‍കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്യുതാനന്ദന്‍): പി.എസ്.സി. യില്‍ ഒരു വര്‍ഷം ശരാശരി 1,500 റാങ്ക് ലിസ്റ്റുകള്‍ നിലവിലുണ്ടാകും. മൂന്ന് വര്‍ഷമാണ് സാധാരണ നിലയില്‍ റാങ്ക് ലിസ്റ്റുകളുടെ കാലാവധിയെങ്കിലും ഒരാളെയെങ്കിലും അഡ്വൈസ് ചെയ്തില്ലെങ്കില്‍ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി ഒരു വര്‍ഷംകൂടി നീട്ടി നല്‍കുന്നതാണ്. 2009 ജനുവരി 1 മുതല്‍ ജൂണ്‍ 30 വരെ 15,740 പേരെ വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. ഒരു വര്‍ഷത്തെ ശരാശരി അഡ്വൈസ് 25,000 ആണ്. 5000 പോലീസ് കോണ്‍സ്റ്റബിള്‍മാരുടെ ഒഴിവുകളിലേയ്ക്ക് രണ്ട് മാസത്തിനകവും 750 ഫോറസ്റ്റ് ഗാര്‍ഡുമാരുടെ ഒഴിവുകളിലേയ്ക്ക് നവംബറിന് മുമ്പും അഡ്വൈസ് നടക്കും. കെ.എസ്.ഇ.ബി. യില്‍ എഞ്ചിനീയര്‍മാരുടെ 600 ഒഴിവുകള്‍ ഉടന്‍ അഡ്വൈസ് ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്ലാര്‍ക്ക്, അസിസ്റ്റന്റ് തസ്തികകളിലേയ്ക്കുള്ള 23,000 പേരുടെ റാങ്ക് ലിസ്റ്റ് ഉടന്‍ നിലവില്‍വരികയും ഡിസംബറോടെ 2000 ഒഴിവുകള്‍ നികത്താന്‍ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. സര്‍ക്കാരിന്റെ വിവിധ വകുപ്പുകള്‍ ഈ വര്‍ഷം ജനുവരി മുതല്‍ ജൂണ്‍ വരെ 11,000 തസ്തികകള്‍ ഒഴിവുള്ളതായി പി.എസ്.സി.യെ അറിയിച്ചതനുസരിച്ച് അവ നികത്തുന്നതിനുള്ള സത്വര നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം നിയമന നിരോധനം ഏര്‍പ്പെടുത്തിയിട്ടില്ലാത്തതിനാല്‍ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടേണ്ട ആവശ്യമില്ല. പെന്‍ഷന്‍ തീയതി ഏകീകരിച്ചതിനാല്‍ നേരത്തെ വിരമിക്കേണ്ടിയിരുന്ന തീയതി മുതല്‍ എന്‍ട്രി കേഡറില്‍ സൂപ്പര്‍

ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് യാതൊരു ആശങ്കയും ഉണ്ടാകേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി. സതീശൻ: പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാതെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്താനുള്ള സർക്കാർ തീരുമാനം കാൽ ലക്ഷത്തോളം വരുന്ന ഉദ്യോഗാർത്ഥികളുടെ ജോലി സാദ്ധ്യതയെ ഇല്ലാതാക്കിയിരിക്കുകയാണ്. 2009 മാർച്ച് 31-നുശേഷം വിവിധ വകുപ്പുകളിൽ നിന്ന് ഒരൊഴിവുപോലും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ 33 റാങ്ക് ലിസ്റ്റുകൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ മൂന്ന് മാസത്തിലും ജൂലൈ മാസത്തിൽ 10 റാങ്ക് ലിസ്റ്റുകളും റദ്ദായിരിക്കുകയാണ്. ആഗസ്റ്റ് മുതൽ ഡിസംബർ വരെ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാൻ സാധ്യതയുള്ള 115 റാങ്ക് ലിസ്റ്റു കളാണ് കാലാവധി പൂർത്തിയാക്കാൻ പോകുന്നത്. സർക്കാർ ജീവനക്കാ രുടെ വിരമിക്കൽ തീയതി മാർച്ച് 31 ആയി ഏകീകരിച്ചതിനാൽ എൻട്രി കേഡ റിൽ നിയമനം നടത്തുന്നതിനായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കു മെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇത് തീരുമാനിച്ചത് ജൂലൈ മാസത്തിൽ നടന്ന മന്ത്രിസഭാ യോഗത്തിലാണെന്നതിനാൽ ഉദ്യോഗാർത്ഥികൾ കബളിപ്പിക്കപ്പെട്ടി രിക്കുകയാണ്. സൂപ്പർന്യൂമററി തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അഡ്വൈസ് ചെയ്യുന്ന സന്ദർഭം വരുമ്പോൾ വേക്കൻസി ഇല്ലാത്ത സ്ഥലങ്ങളിൽ അവരെ അക്കോമഡേറ്റ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ടായാൽ അവരെ പഞ്ചായത്തുകളിലേയ്ക്ക് ഡിപ്ലോയ് ചെയ്യുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിലും ഒഴിവ് വരുന്ന തസ്തികകളിൽ 75 ശതമാനവും

ടെക്നിക്കൽ തസ്തികകളായതിനാൽ അവരെ പഞ്ചായത്തുകളിലേയ്ക്ക് ഡിപ്ലോയ് ചെയ്യാൻ സാധിക്കില്ല. എൻട്രി കേഡറിലുള്ള ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ ഉടൻ റദ്ദാകുന്ന റാങ്ക് ലിസ്റ്റുകളിലുൾപ്പെടെയുള്ള ഉദ്യോഗാർത്ഥി കൾക്കാർക്കും പ്രയോജനം ലഭിക്കില്ല. ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : 2009 ജനുവരി 1 മുതൽ ജൂൺ 30 വരെ 15,740 പേരെ വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. ഒരു വർഷത്തെ ശരാശരി അഡ്വൈസ് 25,000 ആണ്. എന്നാൽ ഈ വസ്തുതകളെല്ലാം മറച്ചുവച്ചുകൊണ്ട് മുൻഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന നിയമന നിരോധനവും മറ്റ് തടസ്സങ്ങളും ഈ ഗവൺമെന്റിന്റെ കാലത്തും ഉണ്ടാകാനിടയുണ്ട് എന്ന് പ്രചരിപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. നിയമനങ്ങളുടെ കാര്യത്തിൽ പി.എസ്.സി. ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) വികസന പദ്ധതികൾക്ക് ഭൂമി ലഭ്യമാക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർക്കാർ യഥാസമയം ഭൂമി ഏറ്റെടുത്തു നൽകാത്തതിനാൽ പുതിയ പാതകളുടെ നിർമ്മാണം, പാത ഇരട്ടിപ്പിക്കൽ, മേൽപ്പാല നിർമ്മാണം, വിമാനത്താവള വികസനം, ദേശീയപാത വികസനം, പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ പദ്ധതികളൊന്നും ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. നാഷണൽ ഹൈവേ 17 കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളെ ബന്ധപ്പെടുത്തി നാലുവരിപ്പാതയാക്കുന്നതിന് നിലവിലുള്ള റോഡുകളുടെ രണ്ട് സൈഡുകളിലും ഭൂമി അക്വയർ ചെയ്യുന്നതിനും മറ്റ് നിർമ്മാണ ചെലവുകൾക്കുമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മാസങ്ങൾക്കുമുമ്പ് പണം നൽകുകയും ആവശ്യമായ ഭൂമി പൊന്നും വിലയ്ക്ക് എടുത്തുകൊടുക്കുന്നതിനുവേണ്ടി 8 സ്പെഷ്യൽ തഹസീൽദാർ ഓഫീസുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു. എന്നാൽ റവന്യൂ വകുപ്പ് ഇതിനാവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മലയോര-തീരദേശ ഹൈവേയുടെ കാര്യത്തിലും ഇതേ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മുപ്പതോളം റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഇന്ന് സ്തംഭനാവസ്ഥയിലാണ്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ച കൊച്ചി മെട്രോ റെയിൽപ്പാതയുടെ നിർമ്മാണവും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അലിഗഢ് യൂണിവേഴ്സിറ്റി, സ്പൈസസ് പാർക്ക്, മെഡിക്കൽ സർവ്വകലാശാല, കരിപ്പൂർ വിമാനത്താവളം തുടങ്ങി നിരവധി വികസന പദ്ധതികൾക്കാവശ്യമായ ഭൂമി ഏറ്റെടുത്തു

കൊടുക്കാത്തതിനാൽ സംസ്ഥാനത്തിന് അനുവദിച്ച കോടിക്കണക്കിന് രൂപ നഷ്ടമാകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടു മാത്രമേ ഭൂമി ഏറ്റെടുത്തു നൽകാൻ സാധിക്കൂ. ഭൂമി അക്വയർ ചെയ്യുന്നതിൽ കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള ഫാസ്റ്റ് ട്രാക്ക് സംവിധാനം പ്രധാനപ്പെട്ട എല്ലാ പ്രോജക്ടുകൾക്കും ബാധകമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുപ്രകാരം ഉടമകളിൽ നിന്ന് നേരിട്ട് സർക്കാർ ഭൂമി വാങ്ങുകയാണ് ചെയ്യുന്നത്. ഇതിനായി ഡിസ്ട്രിക്ട് ലവൽ പർച്ചേസ് കമ്മിറ്റി കൂടി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഭൂമിക്ക് വില നിശ്ചയിച്ച് ന്യായമായ വില ഭൂവുടമകൾക്ക് നൽകിവരികയാണ്. സ്ഥലമെടുപ്പിന്റെ വേഗത വർദ്ധിപ്പിക്കാനും ഒഴിപ്പിക്കപ്പെടുന്ന പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊന്നുംവില നിയമത്തിലെ എല്ലാ നടപടിക്രമങ്ങളും പാലിക്കുന്നതുകൊണ്ടും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതികളിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതുകൊണ്ടും ചില പദ്ധതികൾക്ക് ഭൂമി അക്വയർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഉടമകൾക്ക് യഥാസമയം നഷ്ടപരിഹാര തുക ലഭ്യമാക്കാത്തതിനാൽ ഏറ്റെടുക്കൽ നടപടികളിൽ തടസ്സം നേരിടുന്നുണ്ട്. കണ്ണൂർ, കോഴിക്കോട് വിമാനത്താവളങ്ങൾ, ദേശീയപാത-17, ദേശീയപാത-47, മലയോരപാത, തീരദേശ പാത, അലിഗഢ് സർവ്വകലാശാല ക്യാംപസ്, പാലക്കാട് കോച്ച് ഫാക്ടറി, വിവിധ ഐ.ടി. പാർക്കുകൾ, കൊച്ചി മെട്രോ പാർക്ക് തുടങ്ങി വലുതും ചെറുതുമായ നിരവധി പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ്

ടെർമിനൽ പദ്ധതി, ഐ.ഐ.എസ്.ഇ.ആർ., ഐ.ഐ.എസ്.ടി. എന്നിവയ്ക്ക് നിശ്ചിത സമയത്തിനകം ഭൂമി ഏറ്റെടുത്ത് നൽകാൻ സാധിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ വിലയിരുത്താനും ത്വരിതപ്പെടുത്താനും എല്ലാ മാസവും ജില്ലാതലത്തിൽ അവലോകന യോഗങ്ങൾ ചേർന്ന് സത്വര നടപടികൾ സ്വീകരിക്കുന്നു. ഫാസ്റ്റ് ട്രാക്ക് സംവിധാനവും നെഗോഷ്യബിൾ പർച്ചേസ് സംവിധാനവും ഭൂമി ഏറ്റെടുക്കൽ കൂടുതൽ സഹായകരമാക്കിയിട്ടുണ്ടെങ്കിലും ഭൂവുടമകളുടെ നിസ്സഹകരണം ചില കേസുകളിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പൊതു ആവശ്യങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കുമായി സ്ഥലം ഏറ്റെടുക്കേണ്ടി വരുമ്പോൾ അവിടെനിന്നും ഒഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമുതകുന്ന വിധത്തിലുള്ള നിയമ നിർമ്മാണത്തിന് രൂപം കൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ വിലയിരുത്താനും ത്വരിതപ്പെടുത്താനും അതിനുവേണ്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിനും ബഹുമാനപ്പെട്ട എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന ചില പദ്ധതികൾക്ക് പ്രത്യേക മുൻഗണന കൊടുക്കാനും ഉദ്ദേശിച്ചുകൊണ്ട് റവന്യൂ വകുപ്പിലെ ഒരു സീനിയർ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി സംസ്ഥാനതലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(2) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ</u>

<u>ശ്രീ. സാജു പോൾ</u>: സംസ്ഥാനത്തിന്റെ ഓരോ ഭൂ പ്രദേശവും കാര്യക്ഷമമായി ഉപയോഗിക്കാനുള്ള സമഗ്ര പദ്ധതികളുണ്ടാകണം. ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ ജോലി ഭാരം കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പ്രസ്തുത വകുപ്പിൽ അനുഭവപ്പെടുന്ന ജീവനക്കാരു

ടെയും സാങ്കേതിക വിദഗ്ദ്ധരുടെയും അപര്യാപ്തതയ്ക്ക് പരിഹാരം കാണണം. അസിസ്റ്റന്റ് ടൗൺ പ്ലാനറുടെ ഒഴിഞ്ഞു കിടക്കുന്ന 14 വേക്കൻസികൾ ഫിൽ ചെയ്ത് ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും അഞ്ചു വർഷത്തിലൊരിക്കൽ മാസ്റ്റർപ്ലാൻ പുതുക്കുന്നതിനും ജില്ലാ/സംസ്ഥാനതല റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പരിസ്ഥിതി സന്തുലന നീർത്തടാധിഷ്ഠിത രൂപത്തിലുള്ള ആവിഷ്കാരങ്ങൾ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രത്യേക ടാസ്ക് ഫോഴ്സിനെ നിയോഗിച്ചുകൊണ്ട് കെട്ടിട നിർമ്മാണ രംഗത്തും മറ്റുമുള്ള ആശങ്കകൾ പരിഹരിക്കണം. മാസ്റ്റർപ്ലാൻ തയ്യാറാക്കലും ലേ ഔട്ട് അപ്രൂവലും രണ്ടായി തിരിച്ച് അധികാരം വികേന്ദ്രീകരിക്കുന്നതിന് സർക്കാർ തയ്യാറാകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതത് പ്രദേശത്തെ മേഖലാ നിയന്ത്രണങ്ങൾക്ക് അനുസൃതമായിട്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത്. നഗര-ഗ്രാമ ആസൂത്രണ വകുപ്പ് മാസ്റ്റർ ഡവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കി സി.ടി.പി. മുഖേന സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുകയും സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രസ്തുത സ്കീം പ്രസിദ്ധീകരിക്കുകയുമാണ് ചെയ്യുന്നത്. ജനങ്ങളുടെ നിർദ്ദേശങ്ങളും പരാതികളും പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനുശേഷം മുഖ്യ നഗരാസൂത്രകൻ മുഖേന വീണ്ടും സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്യണം. മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന്

പ്രസ്തുത വകുപ്പിൽ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവമുണ്ട്. 2005-ലെ കേരള ഹൈക്കോടതി വിധിയിൽക്കൂടി മേഖലാ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതിനുള്ള സർക്കാരിന്റെ അധികാരം ഇല്ലാതാക്കിയതോടുകൂടി കഴിഞ്ഞ 50 വർഷംകൊണ്ട് തയ്യാറാക്കി നിലവിൽ വന്ന വിവിധ മാസ്റ്റർപ്ലാനുകളാണ് അടിയന്തിരമായി പരിഷ്കരിക്കേണ്ടി വന്നത്. ടൗൺ പ്ലാനിംഗ് സ്കീമുകളിലെ മേഖലാ നിയന്ത്രണ ചട്ടങ്ങളിൽ അത്യാവശ്യം വേണ്ട ഭേദഗതികൾ വരുത്തുന്നതിനും ഭൂ വിനിയോഗം ഉൾപ്പെടെയുള്ള മേഖലാ നിയന്ത്രണങ്ങൾ പുതുക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ടൗൺ പ്ലാനിംഗ് സ്കീം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. അംഗീകൃത നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 18 മാസ്റ്റർ ഡവലപ്മെന്റ് പ്ലാനുകളും 113 ഡി.ടി.പി. സ്കീമുകളും സർക്കാർ അംഗീകരിക്കുകയും നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനായി ഒരു പുതിയ സ്കീമും 250 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. നഗരാസൂത്രണ പദ്ധതികളിൽ ഭൂ വിനിയോഗം ഉൾപ്പെടെയുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ പുതുക്കുന്നതിനും നടപടിക്രമങ്ങൾ കാലതാമസം കൂടാതെ തീർക്കുന്നതിനും പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സബ്മിഷൻ**

(1) <u>ഉരുൾപൊട്ടൽ</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. സി. കുഞ്ഞിരാമനും നോട്ടീസ് നൽകിയിട്ടുണ്ട്)

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായതിനെത്തുടർന്ന് നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിലെ നൂറോളം വീടുകൾ വെള്ളത്തിനടിയിലാകുകയും നാല് ഗിരിജൻ കോളനികളിൽ താമസിക്കുന്നവർ മറ്റ് പ്രദേശങ്ങളിൽനിന്നും ഒറ്റപ്പെട്ടുപോകുകയും ചെയ്തു. രണ്ട് വർഷം മുമ്പുണ്ടായ ഉരുൾപൊട്ടലിൽ നടപ്പാത തകരുകയും പാലം ഒലിച്ചുപോകുകയും ചെയ്തതിനാൽ ഗിരിജൻ കുടുംബങ്ങളുടെ സ്ഥിതി അറിയാനോ ബന്ധപ്പെടാനോ കഴിയുന്നില്ല. പനങ്കയം, ഗ്രാമം, പോത്തുകല്ല് തുടങ്ങിയ സ്ഥലങ്ങളിൽ വീടുകളിൽ വെള്ളം കയറിയതിനാൽ ഏഴ് കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. നിലമ്പൂർ നാടുകാണിച്ചുരത്തുണ്ടായ മണ്ണിടിച്ചിലിന്റെ ഫലമായി ജനങ്ങൾക്ക് ഭീമമായ നഷ്ടം സംഭവിച്ചിരിക്കുകയാണ്. ഒരു ആദിവാസി ഉൾപ്പെടെ നാല് ആളുകൾ മരണപ്പെടുകയുണ്ടായി. ഇത്രയും ഗുരുതരമായ സ്ഥിതിയിൽ കഴിയുന്നവർക്ക് അടിയന്തിര സഹായം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> ഇരിട്ടി നഗരമാകെ വെള്ളത്തിനടിയിലാകുകയും ഗതാഗത സൗകര്യങ്ങൾ തടസ്സപ്പെടുകയും റോഡുകൾ തകരുകയും ചെയ്തിട്ടുണ്ട്. മരം കടപുഴകി വീണ് ഒരു ഓട്ടോ ഡ്രൈവറും ഒരു ആദിവാസി യുവാവും മരണപ്പെടുകയുണ്ടായി. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും മറ്റ് അടിയന്തിര സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ) :</u> ഉരുൾപൊട്ടൽ ഉണ്ടായത് അറിഞ്ഞയുടൻതന്നെ എല്ലാ ഡിപ്പാർട്ട്മെന്റുകളുടേയും

ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതുകൊണ്ടും ജനങ്ങൾ ആത്മാർത്ഥമായ രക്ഷാപ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടുമാണ് നാശനഷ്ടങ്ങൾ ലഘൂകരിക്കാൻ കഴിഞ്ഞത്. ഇന്നലെ ആറ് പേർ മരണപ്പെടുകയും 250-ഓളം വീടുകൾ പൂർണ്ണമായി തകരുകയും അയ്യായിരത്തോളം വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിനാശം സംബന്ധിച്ച യഥാർത്ഥ കണക്കുകൾ ലഭ്യമായിട്ടില്ല. വളരെയധികം ആളുകളെ ക്യാമ്പുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. നിലമ്പൂരിലും ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 32 ക്യാമ്പുകളിലായി 1600 പേരാണ് കഴിയുന്നത്. വനപ്രദേശങ്ങളിൽ ഒറ്റപ്പെട്ടുപോയവരെ ക്യാമ്പുകളിലേയ്ക്ക് എത്തിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. മന്ത്രിസഭാ യോഗം ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും റവന്യൂ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെടുകയും ചെയ്തു. കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയും ദുരന്ത നിവാരണ അതോറിറ്റിയുടെ ചുമതലയുള്ള കേന്ദ്ര ആഭ്യന്തര വകുപ്പുസഹമന്ത്രിയുമായി ചർച്ച നടത്തിയപ്പോൾ വളരെയേറെ സഹായം വാഗ്ദാനം ചെയ്യുകയുണ്ടായി. കേന്ദ്ര സേനയുടെ എൻ.ഡി.ആർ.എഫ്. 126 പേരടങ്ങുന്ന രണ്ട് ടീമിനെ കരിപ്പൂരിലേയ്ക്ക് പ്രത്യേക വിമാനത്തിൽ അയയ്ക്കുകയും ആധുനികരീതിയിലുള്ള സ്പെഷ്യൽ ബോട്ടുകൾ കോഴിക്കോട് ജില്ലാ കളക്ടറുടെ ചുമതലയിൽ നിലമ്പൂരിലേയ്ക്കും വയനാട്ടിലേയ്ക്കും പ്രത്യേക ട്രക്കുകളിലായി എത്തിച്ചുകൊണ്ടിരിക്കുകയുമാണ്. കൂടുതൽ സഹായം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അയച്ചുതന്നിരിക്കുന്ന

ഫോഴ്സിനെകൂടാതെ റസ്ക്യൂ ഓപ്പറേഷനുവേണ്ടിയുള്ള ഉപകരണങ്ങളും എത്തിച്ചിട്ടുണ്ട്. നേവി ഹെലികോപ്ടർ സൗകര്യം ഏർപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആറ് ജില്ലകളിലാണ് ഉരുൾപൊട്ടി ക്കൊണ്ടിരിക്കുന്നത്. വയനാട് ജില്ലയിൽ ഗതാഗതം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. വയനാട് ജില്ലയുടെ അതിർത്തി പ്രദേശത്ത് ഏത് സമയത്തും ബ്ലോക്ക് ഉണ്ടാകാൻ സാധ്യതയുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽപ്പെടുത്തി ഓരോ ലക്ഷം രൂപ നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാമ്പുകളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ഭക്ഷണവും വൈദ്യസഹായവും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിലുള്ളവരെ ക്യാമ്പുകളിൽ എത്തിക്കാൻ നിലമ്പൂരിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ടെങ്കിലും, വനമായതിനാൽ എത്തിച്ചേരാൻ സമയമെടു ക്കുമെന്നാണ് അറിയുന്നത്. കൊല്ലത്ത് രണ്ട് ആളുകൾ മരണപ്പെട്ട സാഹചര്യത്തിൽ തെക്കൻ ജില്ലകളിൽക്കൂടി കൺട്രോൾ റൂമുകൾ സജീവമാക്കുകയും ജാഗ്രതാ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(2) <u>കെ.പി.എം.ടി.എ.യുടെ സെക്രട്ടേറിയറ്റ് ധർണ്ണ</u>

<u>ശ്രീ. വി.എസ്. സുനിൽകുമാർ</u>: പാരാമെഡിക്കൽ രംഗത്ത് നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും തൊഴിലാളികളെയും സംരക്ഷിച്ചുകൊണ്ട് ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത പരിശോധിക്കു ന്നതിനും ക്വാളിറ്റി കൺട്രോൾ സിസ്റ്റം ഏർപ്പെടുത്തുന്നതിനുമായി ഒരു നിയമനിർമ്മാണം നടത്തണമെന്നുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസി

യേഷൻ ഇന്ന് സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണ നടത്തുകയാണ്. അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്വകാര്യ ലബോറട്ടറികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയെ നിയന്ത്രിക്കാനാവശ്യമായ യാതൊരു നിയമവും നിലവിലില്ലാത്തതിന്റെ ഫലമായി ആശാസ്യമല്ലാത്ത പല കാര്യങ്ങളും നടക്കുന്നുണ്ടെന്നുള്ള റിപ്പോർട്ടുകൾ വരുന്നുണ്ട്. സംസ്ഥാനത്തെ ലബോറട്ടറികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ ഒരു നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(3) ജില്ല പ്രൊബേഷൻ ഓഫീസർമാരുടെ ഒഴിവുകൾ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ജില്ല പ്രൊബേഷൻ ഓഫീസർമാരുടെ ഒഴിവുകൾ നികത്താനും പുതിയ തസ്തികകൾ സൃഷ്ടിക്കാനും ചൈൽഡ് ഹെൽപ്പ് ലൈൻ എല്ലാ ജില്ലകളിലും രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സാമൂഹ്യക്ഷേമ വകുപ്പ് ജുവനൈൽ ജസ്റ്റിസ് ബോർഡും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും കേരളത്തിലെ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിൽ ചൈൽഡ് ഹെൽപ്പ്ലൈൻ നിലവിൽ വന്നിട്ടുണ്ട്. അഞ്ച് ജില്ലകളിൽ കൂടി ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികളായിട്ടുണ്ട്. ബാലവീഥി നിയമപ്രകാരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പ്രൊബേഷൻ ഓഫീസർമാർ നിലവിലുണ്ട്.

പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തിയും ഈ മേഖലയിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(4) റിയാനയുടെ തിരോധാനം

ശ്രീ. സി.ടി. അഹമ്മദ് അലി: 2009 മേയ് 18-ാം തീയതി മുതൽ കാണാതായ കാസർഗോഡ് നിയോജകമണ്ഡലത്തിലെ ചെങ്കള തൈവളപ്പ് മിസിയ മൻസിലിൽ ഫൗസിയയുടെ മകൾ പത്താം ക്ലാസ് വിദ്യാർത്ഥിനിയായ റിയാനയെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ സംഭവം സംബന്ധിച്ച് റിയാനയുടെ മാതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. പെൺകുട്ടിയുടെ ഫോട്ടോ സഹിതം പരസ്യപ്പെടുത്തുകയും ജില്ലയിലെ വിവിധ റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, ലോഡ്ജുകൾ അന്യ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്.

(5) ജ്വല്ലറി കവർച്ച

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 13.07.2009-ന് ഫറൂക്ക് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട രാമനാട്ടുകര ആനക്കച്ചേരി ജ്വല്ലറിയിലുണ്ടായ കവർച്ച സംബന്ധിച്ച് ഒരു പ്രത്യേക പോലീസ് സംഘത്തെ നിയമിച്ച്

അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇതുസംബന്ധിച്ച് ഫറൂക്ക് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥൻമാർ സംഭവ സ്ഥലം സന്ദർശിക്കുകയും കേസന്വേഷണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളെ കണ്ടെത്താനായി കോഴിക്കോട് സൗത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുന്നതാണ്.

(6) ചൂതാട്ടം തടയാൻ നടപടി

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നടക്കുന്ന നിയമവിരുദ്ധ ചൂതാട്ടത്തിനെതിരായി ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള, ഉപ്പള, ഹൊസങ്കടി, തലപ്പാടി എന്നീ സ്ഥലങ്ങളിൽ പോലീസ് നിരന്തരം റെയ്ഡുകൾ നടത്തി ചൂതാട്ട മാഫിയകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 30.06.2009 വരെ കാസർഗോഡ് ജില്ലയിൽ ചൂതാട്ടങ്ങളുമായി ബന്ധപ്പെട്ട് 2309 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(7) ഫുട്ബാൾ മാച്ച് ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ദേശീയ ഗെയിംസിന്റെ ഭാഗമായി കണ്ണൂരിൽ ഫുട്ബാൾ മത്സരം കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 07.11.2008-ലാണ് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനുമായി ഹോസ്റ്റ് സിറ്റി കരാറിൽ ഒപ്പുവച്ചത്. കേരളത്തിലെ ഏഴ് നഗരങ്ങളിലായി നടക്കുന്ന മത്സരങ്ങളിൽ മത്സര ഇനങ്ങൾ നിശ്ചയിക്കുന്നത് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനുമായി ചേർന്നാണ്. കണ്ണൂരിൽ ബാസ്ക്കറ്റ് ബാൾ പുരുഷ/വനിതാ മത്സരങ്ങളും റെസ്ലിംഗുമാണ് അനുവദിച്ചിരിക്കുന്നത്. കോഴിക്കോട് ഫുട്ബാൾ പുരുഷ വിഭാഗവും തൃശ്ശൂരിൽ ഫുട്ബാൾ വനിതാ വിഭാഗവുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മാറ്റം വരുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കാം.

(8) ടെക്സ്റ്റൈൽസ് മേഖലയിലെ പ്രതിസന്ധി

ശ്രീ. കെ.കെ. ദിവാകരൻ: ടെക്സ്റ്റൈൽസ് മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. പരുത്തി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ഡ്യൂട്ടി ഇളവ് പ്രഖ്യാപിച്ച് പലിശരഹിത വായ്പ നൽകുന്നതിനും പൊതുമേഖലാ മില്ലുകളുടെ നവീകരണം പൂർത്തീകരിച്ച്. പ്രതിസന്ധിയിലായിരിക്കുന്ന നൂൽ ഉൽപ്പാദന മില്ലുകളെ സംരക്ഷിക്കുന്നതിനും കയറ്റുമതിക്കാർക്ക് നൽകിവരുന്ന

സൗജന്യങ്ങൾ ആഭ്യന്തര കമ്പോളത്തിൽ വിൽപ്പന നടത്തുന്നവർക്ക് അനുവദിക്കുന്നതിനും പൊതുമേഖലാ മില്ലുകൾക്ക് സർക്കാർ നൽകാനുള്ള ബാദ്ധ്യത കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): മറ്റ് സംസ്ഥാനങ്ങളേക്കാൾ കൂടുതൽ തുക ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ ചെലവഴിക്കേണ്ടിവന്നതും മിനിമം സപ്പോർട്ട് പ്രൈസിൽ വർദ്ധനവുണ്ടായതും മഹാരാഷ്ട്ര കോട്ടൺ കോർപ്പറേഷന്റേയും ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റേയും തെറ്റായ നടപടികളുമാണ് പരുത്തിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതിന് കാരണമായത്. കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും കെ.എസ്.ടി.സി-യുടെ മില്ലുകൾക്കും വേണ്ടി ഗുണമേന്മയുള്ള പരുത്തി വില കുറച്ച് വിളവെടുപ്പ് സീസണിൽ സംഭരിക്കുന്നതിന് 21 കോടി രൂപ അടങ്കൽ തുകയുള്ള ഒരു സെൻട്രൽ പർച്ചേസ് സ്കീമിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 7 കോടി രൂപ കെ.എഫ്.സി-യിൽ നിന്ന് ലോണായും നൽകുന്നതാണ്. കേരളത്തിലെ സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകൾക്ക് ഗുണമേന്മയുള്ള കഴിനൂൽ നൽകുന്നതിന് കണ്ണൂർ സഹകരണ മില്ലിൽ 2 കോടി രൂപയുടെ പദ്ധതിയും തെക്കൻ ജില്ലകളിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് കഴിനൂൽ ലഭ്യമാക്കുന്നതിന് ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിൽ ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന് 122 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് അംഗീകാരം നൽകുകയും 3 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുകയും സാമ്പത്തിക സഹായത്തിനായി എൻ.സി.ഡി.സി.-ക്ക്

പദ്ധതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ടി.സി 26.4 കോടി രൂപയുടെ നവീകരണ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(9) സിമന്റ്സ് ഫാക്ടറികളുടെ ലയനം

ശ്രീ. സി. പി. മുഹമ്മദ്: നഷ്ടത്തിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ മലബാർ സിമന്റ്സ് ലിമിറ്റഡിൽ ലയിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ മലബാർ സിമന്റ്സ് ലിമിറ്റഡിൽ ലയിപ്പിക്കാനുള്ള ഒരു തീരുമാനവും സർക്കാർ എടുത്തിട്ടില്ല.

(10) ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം

ശ്രീ. കെ. ബാബു: ആരോഗ്യ-കായിക-വിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമാക്കുകയും പത്താം ക്ലാസ്സിൽ ഫിസിക്കൽ എഡ്യൂക്കേഷന് പീരിയഡ് ഏർപ്പെടുത്തുകയും കായിക അദ്ധ്യാപകരെ നിയമിക്കുകയും പ്ലസ് വൺ അഡ്മിഷനിലെ സ്പോർട്സ് ക്വാട്ട പുന:സ്ഥാപിക്കുകയും പ്രൈസ് മണി വർദ്ധിപ്പിക്കുകയും ചെയ്ത് ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാമിന്റെ ഭാഗമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ആരോഗ്യ-കായിക-വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനുള്ള കരിക്കുലം പരിഷ്കരണം നടത്തിക്കഴിഞ്ഞു. അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടായാൽ ഈ വർഷംതന്നെ പദ്ധതി നടപ്പിലാക്കാൻ കഴിയും. 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു അദ്ധ്യാപകനെ

നിയമിക്കുക, 500-ൽ താഴെ കുട്ടികളുള്ള ഒന്നിൽക്കൂടുതൽ സ്കൂളുകളെ ക്ലബ് ചെയ്ത് ക്ലസ്റ്റർ സിസ്റ്റമുണ്ടാക്കുക എന്നിങ്ങനെയുള്ള പദ്ധതികളാണ് ഈ രംഗത്ത് നടപ്പാക്കുന്നത്. പത്താം ക്ലാസ്സിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് പീരിയഡ് അനുവദിക്കുക, പാർട്ട്ടൈം കായിക അദ്ധ്യാപകരെ ഫുൾടൈമാക്കുക, കായിക അദ്ധ്യാപകരുടെ കിറ്റ് അലവൻസ് കാലോചിതമായി വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഈ പദ്ധതിയുടെ അന്തിമ ഘട്ടത്തിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കായിക അദ്ധ്യാപകരെ കായികക്ഷമതാ പരിപാടിയുടെ ചീഫ് കോ-ഓർഡിനേറ്റർ, കോ-ഓർഡിനേറ്റർ തസ്തികകളിൽ നിയമിക്കും. പ്രൈസ് മണി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(11) <u>വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള വർദ്ധനവ്</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> കേരള വാട്ടർ അതോറിറ്റിയിലെ ആദ്യത്തെ ആറ് സ്കെയിലുകളിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുകയും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച സമാനമായ വർദ്ധനവ് നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: പൊതുമേഖലാ സ്ഥാപനമായ കേരള വാട്ടർ അതോറിറ്റിയിലെ ശമ്പള സ്കെയിലും സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും താരതമ്യപ്പെടുത്താൻ കഴിയുകയില്ല. വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള പല സ്കെയിലുകളും സമാനമായ സർക്കാർ ജീവനക്കാരുടെ സ്കെയിലുകളേക്കാൾ ഉയർന്ന നിരക്കിലുള്ളതാണെങ്കിലും നിലവിലുള്ള സ്കെയിലുകളിലെ മാറ്റം മാസ്റ്റർ

സ്കെയിലുകളെ ബാധിക്കുമെന്നതാണ് ധനകാര്യ വകുപ്പിന്റെ നിലപാടെങ്കിലും ഈ ആവശ്യം സർക്കാർ പുന:പരിശോധിച്ച് വരികയാണ്.

(12) ഏലൂർ-പാതാളത്ത് ലോക്ക് കം-റെഗുലേറ്റർ ബ്രിഡ്ജ്

ശ്രീ. എ. എം. യൂസഫ്: കൊച്ചിൻ റിഫൈനറി അനുവദിച്ച തുകയോടൊപ്പം സംസ്ഥാന സർക്കാർ ഒരു വിഹിതം തുക കൂടി അനുവദിച്ചുകൊണ്ട് എത്രയുംവേഗം പെരിയാറിൽ ഒരു സ്ഥിരം ലോക്ക്-കം-റെഗുലേറ്റർ ബ്രിഡ്ജ് പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പുതുക്കിയ 2009-ലെ നിരക്ക് അനുസരിച്ച് 14 കോടി രൂപയിലധികം പാതാളം റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുന്നതിനായി ചെലവഴിക്കേണ്ടിവരും. ഇതിനായി ബി.പി.സി.എൽ (കൊച്ചിൻ റിഫൈനറീസ്) 11.5 കോടി രൂപ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 2.5 കോടി രൂപ നബാർഡിന്റെ ധനസഹായത്തിലൂടെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. ജലവിഭവ വകുപ്പിന്റെ 1000 കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി ഇത് ഏറ്റെടുക്കുന്നതാണ്.

(13) കോളനിയിലെ വീടുകളുടെ ശോച്യാവസ്ഥ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: 25 വർഷംമുമ്പ് ഐ. എൻ.എസ്. ദ്രോണാചാര്യയ്ക്കുവേണ്ടി ഫോർട്ട് കൊച്ചി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും അവരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിനും വീടുകൾ പുതുക്കി പണിയുന്നതിനുംവേണ്ടി ഒരു പ്രത്യേക പാക്കേജുണ്ടാക്കുന്നതിന് സർക്കാർ തയ്യാറാകണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ഹൗസിംഗ് ബോർഡിലെ ഉദ്യോഗസ്ഥരും അവിടത്തെ കൗൺസിലർമാരും ആ വീടുകൾ സന്ദർശിക്കുകയുണ്ടായി. വീടുകളെല്ലാം ചോർന്നൊലിക്കുകയാണ്. 30-06-09-ലെ കണക്ക് പ്രകാരം ഗവൺമെന്റിൽ നിന്നും 26,16,650 രൂപയും കൊച്ചിൻ കോർപ്പറേഷനിൽ നിന്നും 90,79,500 രൂപയും ഗുണഭോക്താക്കളിൽ നിന്ന് ഒരു കോടിയിൽപ്പരം രൂപയും ഹൗസിംഗ് ബോർഡിന് കിട്ടാനുള്ള സാഹചര്യത്തിൽ ഹൗസിംഗ് ബോർഡിന് അവരെ സഹായിക്കാനുള്ള പ്രത്യേക സ്കീമുണ്ടാക്കാൻ കഴിയുകയില്ല. അതുകൊണ്ട് കൊച്ചിൻ കോർപ്പറേഷന്റേയും ഡിഫൻസ് മിനിസ്ട്രിയുടേയും എം.എൽ.എ.മാരുടേയും സഹകരണത്തോടുകൂടി എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമോയെന്നുള്ളത് സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കാം.

(14) ശുദ്ധജല പദ്ധതി

ശ്രീ. പി. സി. വിഷ്ണുനാഥ്: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പാണ്ഡവൻപാറ പട്ടികജാതി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു പ്രത്യേക ശുദ്ധജല പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പാണ്ഡവൻ പാറയിൽ ശുദ്ധജലമെത്തിക്കാൻ മൂന്ന് ബോർവെല്ലുകളും 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലസംഭരണിയും പമ്പിംഗ് മെയിനും നിലവിലുള്ള മലയിൽ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും 110 എം.എം. പി.വി.സി. ശുദ്ധജലവിതരണ കുഴലുകളും ഉൾപ്പെടുത്തി ഏതാണ്ട് 140 ലക്ഷം രൂപയുടെ പദ്ധതിക്കുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്

നടപ്പാക്കാവുന്നതാണ്. എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ശുദ്ധജലമെത്തിക്കുന്നതിനുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തിയോ 1000 കോടി രൂപയുടെ മൂലധന നിക്ഷേപ പദ്ധയിൽ ഉൾപ്പെടുത്തിയോ ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2009-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തി ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണ കാര്യം**

<u>2009-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : 2009-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2009-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ് : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ വരുമാനം ഉൽപ്പാദനം പർച്ചേസിംഗ് പവർ എന്നിവ വർദ്ധിപ്പിക്കാനുള്ള ദ്വിമുഖ സാമ്പത്തിക തന്ത്രത്തിന്റെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഒന്നാം ഘട്ടം അനൗൺസ് ചെയ്യാൻപോലും അഞ്ച് മാസത്തെ സമയം വേണ്ടിവന്നു. 2009-2010-ൽ 20000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപത്തിന് അനുമതി നൽകുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതുവരെ എത്ര പദ്ധതികൾക്ക് അനുവാദം കൊടുത്തുവെന്ന് വ്യക്തമാക്കണം. ഈ ഗവൺമെന്റ് പാക്കേജുകൾ പ്രഖ്യാപിക്കുന്നതല്ലാതെ ഒന്നും പ്രാവർത്തികമാക്കുന്നില്ല. ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ച ഒരു പദ്ധതിക്കും ഒരു പൈസപോലും ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം വേണ്ടിവരുന്നതിനാൽ പദ്ധതികളുടെ നടത്തിപ്പിലും കാലതാമസം ഉണ്ടാകും. ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക ലാപ്സാകാതിരിക്കാൻ നടപടി സ്വീകരിക്കണം. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള വർക്ക് ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തതിന്റെ കാരണം കണ്ടെത്തി പരിഹാരം കാണണം. ഗ്രാമീണ റോഡുകളുടെ നിർമ്മാണ

പ്രവർത്തനങ്ങൾക്കായി പ്രത്യേകം ഷെഡ്യൂൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ജോർജ് എം. തോമസ്: ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു. ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും വസ്തുനിഷ്ഠമായി യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് സാമൂഹ്യനീതിയും സമഗ്രവികസനവും ലക്ഷ്യമിട്ടുകൊണ്ടുള്ള മികച്ച ധനകാര്യ മാനേജ്മെന്റുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. കർഷകത്തൊഴിലാളികൾക്ക് 42 മാസത്തെ പെൻഷൻ കുടിശ്ശികയും പി.ഡബ്ളിയു.ഡി. കരാറുകാർക്ക് കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ടായിരുന്ന 1600 കോടി രൂപയും കൊടുത്തുതീർത്തു. പുതിയ നികുതികൾ ചുമത്താതെയും നിലവിലുള്ള നികുതി നിരക്കിൽ അധിക വർദ്ധനവ് ഉണ്ടാക്കാതെയും വരുമാനം ഗണ്യ മായി വർദ്ധിപ്പിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ പദ്ധതിയിൽ റോഡ് വർക്കിന് പാക്കേജ് ടെണ്ടർ സിസ്റ്റം ഒഴിവാക്കണം. സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം നേടിയെടുക്കുന്ന കാര്യത്തിൽ കക്ഷിരാഷ്ട്രീയത്തിനതീത മായി ഒന്നിച്ചുനിൽക്കാൻ പ്രതിപക്ഷം തയ്യാറാകണം. മലബാർ പാക്കേജ് നടപ്പാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. മലബാർ മേഖലയിൽ കൂടുതൽ പ്ളസ് ടു സ്ക്കൂളുകളും കോഴ്സുകളും അനുവദിക്കണം. കോഴിക്കോട്, കുറ്റ്യാടി, തിരുവമ്പാടി മലയോരമേഖലകളിലും തെങ്ങു കൃഷി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കണം. കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പി ക്കണം. കെ.എഫ്.സി.-യെ വായ്പാ സൗഹൃദ സ്ഥാപനമാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വാചകക്കസർത്തുകൾ നടത്തുകയല്ലാതെ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. പ്രഖ്യാപിച്ച പാക്കേജുകൾ നടപ്പാക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തണം. അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കണം. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കണം. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കർക്കശ നടപടി സ്വീകരിക്കണം. ആരോഗ്യം, വിദ്യാഭ്യാസം, മരാമത്ത് തുടങ്ങി എല്ലാ മേഖലകളിലുമുള്ള കേന്ദ്ര പദ്ധതികൾ നടപ്പാക്കണം. മദ്രസ പാക്കേജ് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം. റെയിൽവേ കോച്ച് ഫാക്ടറിക്കും അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിക്കും ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കണം. കോഴിക്കോട് മേഖലയിലെ ചരക്കുലോറികളുടെ ടേൺ സമ്പ്രദായത്തെക്കുറിച്ച് പരിശോധിക്കണം. പെട്രോൾ-ഡീസൽ വിലവർദ്ധനവിലൂടെയുള്ള അധിക നികുതി പിൻവലിക്കണം. മലബാർ മേഖലയിൽ പ്ളസ് ടു തലത്തിൽ ആവശ്യമായ പുതിയ കോഴ്സുകൾ അനുവദിക്കാനും വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം 40:1 ആക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ബാബു പോൾ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാധാരണക്കാരായ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും ദുർബ്ബല ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും വേണ്ടിയാണ് സർക്കാർ പണം ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും സർക്കാർ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും പാവപ്പെട്ടവർക്ക് ചെലവ് കുറഞ്ഞ ചികിൽസ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്ക്കൂളുകളിലെ പഠന നിലവാരം ഉയർത്താനും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും വീടില്ലാ

ത്തവർക്ക് വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയും കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലക്ഷംവീടുകൾ നവീകരിച്ചു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി. തരിശുഭൂമി കൃഷിയോഗ്യമാക്കാനും കാർഷിക കടങ്ങൾ എഴുതിത്തള്ളാനുമുള്ള നടപടികൾ സ്വീകരിച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന തിന്റെ ഭാഗമായി പാലുൽപ്പാദനം വർദ്ധിപ്പിക്കാനും കന്നുകാലി വളർത്തൽ വ്യാപകമാക്കാനും നടപടികളെടുത്തു വരികയാണ്. പരമ്പരാഗത വ്യവസായ ങ്ങളെ പുനരുദ്ധരിക്കാനും ഐ.ടി. ടൂറിസം മേഖലയിൽ തൊഴിൽ സാധ്യത കൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് ഉയർത്തുകയും ചെക്ക് പോസ്റ്റുകൾ അഴിമതി വിമുക്തമാക്കുകയും ക്രമസമാധാനം ഭദ്രമാക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി രണ്ടായിരം കോടി രൂപ യുടെ പാക്കേജ് പ്രഖ്യാപിച്ചതുകൂടാതെ ആയിരം കോടി രൂപയുടെ പുതിയ വർക്കുകൾക്ക് ഭരണാനുമതി നൽകാനുള്ള നടപടികളും സ്വീകരിച്ചുവരിക യാണ്. വർക്കുകൾക്ക് ഭരണാനുമതി നൽകുമ്പോൾ മണ്ഡലാടിസ്ഥാനത്തി ലുള്ള ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. ആവശ്യത്തിന് ആഫീസുകൾ അനുവദിക്കുകയും സർവ്വേയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ നിയമിക്കു കയും ചെയ്തുകൊണ്ട് സ്ഥലമെടുപ്പ് നടപടികൾ വേഗതയിലാക്കണം. സ്ഥല മെടുപ്പുമായി ബന്ധപ്പെട്ട് റവന്യൂ-പൊതുമരാമത്ത് വകുപ്പുകൾ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തണമെന്നുള്ള ഉത്തരവ് പിൻവലിക്കണം. മരാമത്ത് പണികൾ സർക്കാർ അംഗീകൃത ആർക്കിടെക്ടിന്റെ സഹായത്തോടുകൂടി സമയബന്ധിതമായി നടപ്പിലാക്കണം. മൈനർ ഇറിഗേഷൻ പാക്കേജുകൾ കാലതാമസംകൂടാതെ നടപ്പിലാക്കണം. മരാമത്ത്, ഇറിഗേഷൻ വകുപ്പുകൾക്ക്

പ്രത്യേക ഇലക്ട്രിക് വിംഗ് ഏർപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം. സെക്രട്ടേറിയറ്റ് മാനുവൽ പരിഷ്ക്കരിച്ച് ഫയൽ തീർപ്പാക്കുന്നതിലെ കാല വിളംബം ഒഴിവാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോംസിൽ കേരള ത്തിന് അനുയോജ്യമായ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. മരാമത്ത്, പഞ്ചായത്ത് എന്നീ വകുപ്പുകൾ തമ്മിലുള്ള തർക്കം പരിഹരിച്ച് അദർ ഡിസ്ട്രിക്ട് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. വിവിധ പെൻഷൻ സ്കീമുകളുടെ വരുമാന പരിധി കാലോചിതമായി ഉയർത്തുന്നതിനും ആൺമക്കളുള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ബോംബ് സ്ഫോടനം, കവർച്ച, പിടിച്ചുപറി, തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവമൂലം സംസ്ഥാനത്ത് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. രൂക്ഷമായ വിലക്കയറ്റം തടയുന്നതിന് കേന്ദ്ര സർക്കാർ സബ്സിഡി നിരക്കിൽ അനുവദിച്ച ഭക്ഷ്യധാന്യ ങ്ങൾപോലും കൂടിയ വിലയ്ക്ക് മറിച്ചുവിൽക്കുന്ന സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് വേണ്ടരീതിയിൽ വിനിയോഗിക്കണം. സ്വാശ്രയ സ്ഥാപനങ്ങളോടുള്ള ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വരുത്തണം. ജനദ്രോഹകരമായിട്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ധനവിനിയോഗ ബില്ലിനെ അനുകൂലി ക്കുന്നു. യാതൊരുവിധ തടസ്സവുമില്ലാതെ ഭരണരംഗം വളരെ കാര്യക്ഷമമായി

മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളേയും ഒന്നായി കണ്ടുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടിയുള്ള വികസന പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തിവരുന്നത്. ആരോഗ്യമേഖലയെ ശക്തിപ്പെടുത്താനും നല്ല ധനകാര്യ മാനേജ്മെന്റിലൂടെ സാമ്പത്തിക അച്ചടക്കം പാലിക്കാനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കോൺട്രാക്ടർമാർക്കും വിവിധ പെൻഷൻ ഇനത്തിലും ഉണ്ടായിരുന്ന കുടിശ്ശിക തുക കൊടുത്തുതീർത്തു. അഴിമതി ഇല്ലാതാക്കി. രണ്ടായിരം കോടി രൂപയുടെ വർക്കുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുകയും ആയിരം കോടി രൂപയ്ക്കു കൂടി കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി ട്രഷറി പൂട്ടേണ്ട സന്ദർഭമുണ്ടാക്കാതെ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. എ. എം. യൂസഫ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ എല്ലാ മേഖലകളിലും വികസനപ്രവർത്തനങ്ങൾ നടത്തി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൂട്ടുത്തരവാദിത്വത്തോടെ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും കടവും പലിശ ബാധ്യതയും കുറച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചും മെച്ചപ്പെട്ട ധനകാര്യമാനേജ്മെന്റാണ് നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ വിതരണ രംഗത്തുണ്ടായിരുന്ന ആറര കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അർഹതപ്പെട്ട പരിഗണന പല സന്ദർഭങ്ങളിലും നൽകുന്നില്ല. റേഷൻ വിഹിതംപോലും വെട്ടിക്കുറയ്ക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. നികുതി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. വിവിധ ക്ഷേമ

പെൻഷനുകളുടെ കുടിശ്ശികകൾ കൊടുത്തുതീർക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്തു. കശുവണ്ടി-കൈത്തറി-മത്സ്യ മേഖലകളിലെ ക്ഷേമ പ്രവർത്തനങ്ങൾ വിപുലമാക്കി. കെ.എസ്.ഇ.ബി. അടക്കമുള്ള പൊതു മേഖലാസ്ഥാപനങ്ങളെ കാര്യക്ഷമമാക്കി. കൂട്ടുത്തരവാദിത്വത്തോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി ആരോഗ്യരംഗവും മെച്ചപ്പെട്ടു. ജനങ്ങൾക്ക് തൃപ്തികരമായിട്ടുള്ള ഒരു വിദ്യാഭ്യാസ നയം നടപ്പാക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ പലതും ഫലപ്രദമായി നടപ്പിലാക്കിയത് ഈ സർക്കാരാണ്. കൂടുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിന് ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ പ്രവർത്തിക്കണം. മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പാക്കാൻ കഴിഞ്ഞു. കർഷകരുടേയും വിദ്യാർതഥികളുടേയും യുവാക്കളുടേയും തൊഴിലാളികളുടേയും പട്ടിണിപ്പാവങ്ങളുടേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. പി.ടി. എ. റഹീം:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. മലപ്പുറത്ത് അലിഗഢ് മുസ്ലീം യൂണിവേഴിസിറ്റിയുടെ ഓഫ് ക്യാമ്പസ് സ്ഥാപിക്കാനായി കേന്ദ്ര സർക്കാർ 25 കോടി രൂപ പ്രഖ്യാപിക്കുകയും അത് ഫലപ്രദമായി നടപ്പാക്കാനായി സംസ്ഥാന സർക്കാർ ശ്രമിക്കുകയും ചെയ്യുന്നു. അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി ദേശസാൽക്കരിച്ചുക്കൊണ്ട് മുസ്ലീംങ്ങളുടെ മുഴുവൻ അവകാശങ്ങളും നിയമപ്രകാരം എടുത്തുകളഞ്ഞിരിക്കുകയാണ്. അവിടത്തെ വിദ്യാർത്ഥികളുടെ പ്രവേശനത്തിലോ അദ്ധ്യാപകരുടെ നിയമനത്തിലോ മുസ്ലീം സമുദായാംഗം എന്ന നിലയിൽ യാതൊരുവിധ മുൻഗണനയും പരിഗണനയും ഇല്ലായെന്നത് ആക്ടിൽ എഴുതി വച്ചിട്ടുള്ളതിനാൽ ഇതൊരു മുസ്ലീം പ്രശ്നമായോ മലബാറിലെ പ്രശ്നമായോ കാണ

ുന്നതിനു പകരം ഒരു പൊതു വിദ്യാഭ്യാസ പ്രശ്നമായി കാണേണ്ടതാണ്. അലിഗഢ് മുസ്ലീം പള്ളിയുടെ 25 കി.മീ. ദൂരപരിധിയിൽ മാത്രമേ പ്രസ്തുത സർവ്വകലാശാല പ്രവർത്തിക്കാൻ പാടുള്ളൂ എന്നുള്ള ആക്ടിലെ വ്യവസ്ഥയ്ക്ക് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടേണ്ടതാണ്.

(ഉച്ചഭക്ഷണത്തിനായി സഭ ഉച്ചയ്ക്ക് 1.00 മണിക്ക് നിറുത്തി വയ്ക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 1.40-ന് വീണ്ടും സമ്മേളിക്കുകയും ചെയ്തു)

ശ്രീമതി ജെ. അരുന്ധതി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ഈ ഗവൺമെന്റ് ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. 2008-09 വർഷത്തേക്കാൾ കൂടുതൽ തുകയാണ് 2009-10-ൽ എല്ലാ വകുപ്പുകൾക്കുംവേണ്ടി ഈ ഗവൺമെന്റ് വകയിരുത്തിയിട്ടുള്ളത്. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ വിദ്യാഭ്യാസം, കുടിവെള്ളം, വൈദ്യുതി, തൊഴിൽ, പാർപ്പിടം എന്നീ മേഖലകൾക്കായി 47,468 കോടി രൂപ ചെലവഴിക്കാനും എസ്.ടി വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി മാത്രം മുപ്പത്തിയേഴര കോടി രൂപ ചെലവഴിക്കാനും അവർക്ക് ചികിത്സാ സൗകര്യമൊരുക്കുന്നതിനുവേണ്ടി 10 കോടി രൂപ മാറ്റി വയ്ക്കാനും ഈ ഗവൺമെന്റ് തയ്യാറായത് സ്വാഗതാർഹമാണ്. ജല വൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാനും ഇലക്ട്രിസിറ്റി ചോർച്ച കണ്ടുപിടിച്ച് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ ഓരോ നിയോജകമണ്ഡലത്തിലും എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ടവർക്ക് സി.എഫ്. ലാമ്പുകൾ കൊടുക്കാനാവശ്യമായ നടപടികൾ

വൈദ്യുതി വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനാവശ്യമായിട്ടുള്ള സ്ഥലമെടുപ്പ് നടത്തിയെങ്കിലും അതിനെ കേരളത്തിൽ നിന്നും മാറ്റിക്കൊണ്ടുപോയത് പ്രതിഷേധാർഹമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും എൻ.ആർ. എച്ച്.എം. ലൂടെ നടപ്പാക്കുന്ന പദ്ധതികളും കാര്യക്ഷമമാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകുന്ന വേതനം 175 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് ആശുപത്രിവരെയുള്ളവയുടെ വികസന പ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം.-ന്റെ പദ്ധതികളിലൂടെ നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നത് അഭിമാനകരമാണ്. ഭാരത് നിർമ്മാൺ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിനായി ഏകദേശം 340 കോടി രൂപ ഈ വർഷം ചെലവഴിക്കേണ്ടതായിട്ടുണ്ട്. പത്ത് ശതമാനം ടെൻഡർ എക്സസ്സ് കൊടുത്തതിന്റെ ഫലമായി പല പ്രവൃത്തികളും ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറായത് സ്വാഗതാർഹമാണ്. ടെൻഡർ ചെയ്യാത്ത പ്രവൃത്തികൾ ടെൻഡർ ചെയ്യാനും ആവശ്യമായ സന്ദർഭത്തിൽ ടെൻഡർ എക്സസ്സ് കൊടുത്തുകൊണ്ട് പണികൾ പൂർത്തീകരിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. കോൺട്രാക്ടർമാർക്ക് അതാത് വർഷം കൊടുക്കാനുള്ള തുകകൾ കൊടുത്തതുകൊണ്ട് പൊതുമരാമത്ത് പണികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. മണ്ഡലങ്ങളിൽ രണ്ട് കോടി രൂപയുടെ മരാമത്ത് പണികൾ ഏറ്റെടുക്കാൻ കഴിഞ്ഞത് സമഗ്ര വികസനത്തെയാണ് സൂചിപ്പിക്കുന്നത്. 'വിഷൻ-2010' എന്ന പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 15 കോടി

രൂപയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുമെന്ന തീരുമാനം സ്വാഗതാർഹമാണ്. എ.എസ്. കൊടുത്ത പണികൾ വളരെ ജാഗ്രതയോടു കൂടി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം. നബാർഡിൽ നിന്ന് സംസ്ഥാനത്തിന് 140 കോടി രൂപയുടെ അധിക സഹായം കിട്ടാൻ സാധ്യതയുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത വലിയ പദ്ധതികളാണ് നബാർഡിന്റെ സഹായത്തിനുവേണ്ടി ഉൾപ്പെടുത്താറുള്ളത്. നബാർഡ് സ്ക്കീമിൽ രണ്ടാമത്തെ വർക്കായി പ്രോപ്പോസൽ കൊടുത്തിട്ടുള്ള വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ പണിക്കുവേണ്ടി ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന 16 കോടി രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തിക്ക് അംഗീകാരം കൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കാർഷിക മേഖലയ്ക്ക് കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയ തുക വളരെ പരിമിതമാണ്. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽനിന്ന് കേന്ദ്ര ഗവൺമെന്റ് ഒഴിഞ്ഞു മാറുന്നു. ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചു. പട്ടിണിപ്പാവങ്ങൾക്ക് ആശ്വാസമാകുന്ന പുതിയ പെൻഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. അണക്കെട്ടുകളിലെ മണൽ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചാൽ 300 കോടിയിൽപ്പരം രൂപയുടെ വരുമാനം സംസ്ഥാന ഖജനാവിന് ലഭ്യമാകും. ഈ ഓണക്കാലത്തും ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യ കിറ്റ് നൽകാൻ ആലോചിക്കുന്നത് സ്വാഗതാർഹമാണ്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. വർദ്ധിപ്പിച്ചു. സ്വർണ്ണ വ്യാപാരികളിൽനിന്നും നികുതി പിരിക്കാൻ സാധിച്ചു. സ്വർണ്ണത്തിന്റെ വില വർദ്ധനവ് നിയന്ത്രിക്കാൻ സർക്കാർ ഇടപെടണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പുതിയ നികുതി നിർദ്ദേശങ്ങളോ നികുതി വർദ്ധനയോ ഏർപ്പെടുത്താതെ ക്ഷേമ പ്രവർത്തനങ്ങൾക്കും ക്ഷേമ പെൻഷനുകൾക്കും പണം നീക്കിവച്ചുകൊണ്ട് വികസനോന്മുഖ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമീപനം സ്വീകരിച്ചു. ആഗോള സാമ്പത്തിക മാന്ദ്യം സൃഷ്ടിച്ച ആഘാത-പ്രത്യാഘാതങ്ങളെ നേരിടുന്നതിന് 10,000 കോടി രൂപ നീക്കിവയ്ക്കാൻ സർക്കാർ തയ്യാറായി. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് ഉപഭോഗ സംസ്ഥാനമായ കേരളത്തെയും പ്രതികൂലമായി ബാധിച്ചു. ബഡ്ജറ്റ് വിഹിതത്തിന്റെ 81 ശതമാനം ചെലവഴിച്ചുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം നേട്ടങ്ങളുടെ കാലമാക്കി മാറ്റാൻ കഴിഞ്ഞു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്വാതന്ത്ര്യവും അധികാരവും കൊടുത്തത് സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഗുണകരമായിത്തീർന്നു. നികുതിദായകരുടെമേൽ അധിക ബാധ്യത അടിച്ചേൽപ്പിക്കാതെ സർക്കാരിന് വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗം കണ്ടെത്തി. അണക്കെട്ടുകളിലെ മണൽ ലേലം ചെയ്യുന്നതിലൂടെ സംസ്ഥാനത്തിന് വരുമാനമുണ്ടാകുന്നതോടൊപ്പം അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുഭവപ്പെടുന്ന മണൽ ക്ഷാമത്തിന് പരിഹാരം കാണാനും സാധിക്കും. റേഷൻ സബ്സിഡി, പെൻഷൻ തുടങ്ങിയവയ്ക്ക് 360 കോടി രൂപ നീക്കി വച്ചു. 5,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഭരണാനുമതി കൊടുക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ നടപടി ആരംഭിച്ചു. അഴിമതി രഹിത സംവിധാനം, കാര്യക്ഷമത തുടങ്ങിയ ഭരണപരിഷ്ക്കാര നടപടികൾ സ്വീകരിച്ചു. ട്രഷറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. സംസ്ഥാന

ത്തിന്റെ വികസനത്തിനുവേണ്ടി വിവിധ തലത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കാൻ സാധിച്ചു. ജനങ്ങളിൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ നികുതി സമാഹരണം നടത്തി. ജനങ്ങളുടെ ക്രയവിക്രയശേഷി വർദ്ധിപ്പിക്കാനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വാണിജ്യ നികുതി പിരിച്ചെടുക്കൽ, ഭാഗ്യക്കുറി സംവിധാനം, ട്രഷറി വകുപ്പിൽ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ, സോഷ്യൽ ആഡിറ്റിംഗ് തുടങ്ങിയവയിലൂടെ ജനവിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. നികുതി വരുമാന വളർച്ച 20 ശതമാനമായി നിലനിർത്താനും ലോട്ടറിയിൽ നിന്നുള്ള വരുമാനം 800 കോടി രൂപയായും കെ.എസ്.എഫ്.ഇ.-യുടെ വരുമാനം പതിനായിരം കോടി രൂപയായി വർദ്ധിപ്പിക്കാനുമുള്ള പരിശ്രമങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സഹായകരമാണ്. ചെറുകിട ഇടത്തരം വ്യവസായികൾക്ക് ആയിരം കോടി രൂപയുടെ വ്യവസായ വായ്പ കൊടുക്കാനുള്ള നടപടി സ്വാഗതാർഹമാണ്.

ശ്രീ. തോമസ് ചാണ്ടി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. കുട്ടനാട് നിയോജകമണ്ഡലത്തിൽ റോഡ് മെയിന്റനൻസിനായി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത് ഒരു വാർഡിന് 50,000 രൂപയാണ്. അവശ്യം വേണ്ട റിപ്പയർ വർക്ക്സ് പോലും നടത്താനുള്ള പണമില്ലെന്നാണ് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും പറയുന്നത്. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡ് മെയിന്റനൻസിന് തുക അനുവദിക്കണമെങ്കിൽ ആ റോഡിന് എട്ട് മീറ്റർ വീതി ഉണ്ടായിരിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. അതേസമയം നാല് മീറ്റർ വീതിയുള്ള റോഡ് നന്നാ

ക്കുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കണം. ഗ്രാമപ്രദേശങ്ങളുടെ വികസനത്തിനാവശ്യമായ തുക അനുവദിക്കണം. പ്രത്യേകിച്ചും കുട്ടനാട്ടിൽ ആവശ്യമായ വികസന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. എത്തിക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ കഴിയും. ഗ്രാമീണ റോഡുകൾ അടിയന്തിരമായി നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കുട്ടനാടിന്റെ വികസനത്തിനായി എം.എൽ.എ. ഫണ്ടിൽ കൂടുതൽ തുക അനുവദിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനം സാമ്പത്തിക സുസ്ഥിരത കൈവരിച്ചിരിക്കുകയാണ്. വാണിജ്യ നികുതി വരുമാനത്തിൽ വൻ വർദ്ധനയാണ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൈവരിക്കാൻ കഴിഞ്ഞത്. കരാറുകാർക്ക് നൽകാനുണ്ടായിരുന്ന 1600 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തു. സാമൂഹ്യക്ഷേമ രംഗത്തും പരമ്പരാഗത വ്യവസായ മേഖലകളിലും വളരെയേറെ സഹായങ്ങൾ നൽകാൻ കഴിഞ്ഞു. ക്ഷേമനിധി പെൻഷനുകൾ വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. ആഗോളമാന്ദ്യത്തിൽനിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ പതിനായിരം കോടി രൂപയുടെ വികസന പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനുപുറമേ അയ്യായിരം കോടി രൂപയുടെ വികസന പദ്ധതികൾ സമീപഭാവിയിൽ ഉണ്ടാകാൻ പോകുന്നു എന്നുള്ളത് അഭിമാനകരമാണ്. പരമ്പരാഗത വ്യവസായ മേഖലയും നിർമ്മാണ മേഖലയും വൻ പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ സാധാരണക്കാരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ഈ പാക്കേജ് സഹായകമാകും. കൂടുതൽ ന്യായവില ഷോപ്പുകൾ പ്രവർത്തിപ്പിച്ചുകൊണ്ട് പൊതുവിതരണരംഗം ശക്തിപ്പെടു

ത്തണം. പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്താനും പതിനാലായിരത്തോളം റേഷൻ ഷോപ്പുകൾ നവീകരിക്കാനും സാധിച്ചു. ക്ഷേമപെൻഷനുകൾ യഥാസമയം നൽകാൻ നടപടി സ്വീകരിച്ചു.

<u>ശ്രീ. എ. എം. ആരിഫ്:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രഖ്യാപനങ്ങൾ ഇച്ഛാശക്തിയോടെ നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നികുതി വരുമാനത്തിലും കാർഷിക-വ്യാവസായികോൽപ്പാദന മേഖലകളിലും ശ്രദ്ധേയമായ മുന്നേറ്റമുണ്ടാക്കി. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിൽ ധനകാര്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. സംസ്ഥാനം അഭിമുഖീകരിക്കുന്ന പല പ്രതിസന്ധികൾക്കിടയിലും ഒരു ജനപ്രതിനിധി എന്ന നിലയിൽ അഭിമാനപുരസ്സരം ഇന്നയിന്ന കാര്യങ്ങൾ മണ്ഡലത്തിൽ ചെയ്യാൻ കഴിഞ്ഞുവെന്ന് പറയാൻ കഴിയത്തക്കനിലയിൽ ഓരോരുത്തരുടെ മണ്ഡത്തിലെയും ആവശ്യങ്ങൾക്കും പരിഗണന നൽകിയാണ് വികസന പ്രവർത്തനങ്ങൾക്കായി രണ്ടായിരം കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതുകൂടാതെ ആയിരം കോടി രൂപയുടെ വർക്കുകൾക്കുള്ള ഭരണാനുമതി കൂടി നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റാണ് കേന്ദ്ര സർക്കാർ വരുമാനം കണ്ടെത്തുന്നത്. സംസ്ഥാനത്തിന്റെ കാതലായ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അവയ്ക്ക് പരിഹാരം കണ്ടുകൊണ്ട് ഫലപ്രദമായ ധനകാര്യ മാനേജ്മെന്റിലൂടെയാണ് ഈ ഗവൺമെന്റ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽ വർദ്ധനവ് വരുത്തിയിരിക്കുകയുമാണ്.

സാമ്പത്തികമാന്ദ്യം നിലനിൽക്കേത്തന്നെ സംസ്ഥാനത്തെ കാർഷിക-വ്യാവസായിക മേഖലകളിൽ വമ്പിച്ച മുന്നേറ്റമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കെട്ടികിടക്കുന്ന ഫയലുകളിൻമേൽ തീരുമാന മെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട സർക്കാരിന് ഈ ബിൽ അവതരിപ്പിക്കാനുള്ള ധാർമ്മിക അവകാശം ഇല്ലാതായിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന പല പദ്ധതികളും ക്യാൻസൽ ചെയ്യുകയും പിന്നീട് അവ നടപ്പിലാക്കുകയും ചെയ്യുന്ന സമീപനമാണ് ഈ ഗവൺമെന്റ് തുടർന്നുവരുന്നത്. ഗുണ്ടാ വിളയാട്ടം നിയന്ത്രണാതീതമായപ്പോഴാണ് ആദ്യം ക്യാൻസൽ ചെയ്ത ഗുണ്ടാ ഓർഡി നൻസ് വീണ്ടും നിയമമാക്കിയത്. എ.ഡി.ബി. വായ്പയേയും ലോക ബാങ്ക് വായ്പയേയും എതിർത്തിരുന്നവർ അധികാരത്തിൽ വന്നപ്പോൾ കോടിക്കണക്കിന് രൂപയാണ് വായ്പ വാങ്ങുന്നത്. നാഷണൽ ഹൈവേയുടെ വികസനത്തിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം ടോൾ പിരിക്കുകയില്ലെന്ന സംസ്ഥാന ഗവൺമെന്റിന്റെ സമീപനത്തെത്തുടർന്ന് നഷ്ടപ്പെടുമെന്ന അവസ്ഥയുണ്ടായപ്പോൾ അംഗീകരിക്കാൻ തയ്യാറാകുകയാണുണ്ടായത്. കൊച്ചി മെട്രോ പദ്ധതിയുടെ കാര്യത്തിലും ആദ്യം വയബിൾ അല്ല; ഇക്കോണമിക്കൽ അല്ല എന്ന സമീപനമാണ് സ്വീകരിച്ചത്. അഴിമതി ആരോപിച്ച് ക്യാൻസൽ ചെയ്ത കമ്പനിക്ക് വീണ്ടും കരാർ നൽകിയതിലൂടെ കോടിക്കണക്കിനു രൂപയുടെ അധിക ബാധ്യത വരുത്തിവച്ചിരിക്കുകയാണ്. കുടുംബശ്രീ പദ്ധതിക്ക് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റിൽ അനുവദിച്ച

തുക ചെലവഴിക്കപ്പെട്ടിട്ടില്ല. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ആശ്രയ പദ്ധതി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 66 പഞ്ചായത്തുകളിൽ മാത്രമാണ് നടപ്പാക്കിയത്. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ഒരു കുടുംബത്തിന് 300 രൂപ വീതം അനുവദിച്ചുവെങ്കിലും ഈ പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കാത്തതുമൂലം അനേകം പേർക്ക് ഇതിന്റെ ആനുകൂല്യം നഷ്ടപ്പെട്ടു. ഈ പദ്ധതിക്കു ബദലായി മറ്റൊരു പദ്ധതി കൊണ്ടുവരുമെന്നത് പ്രഖ്യാപനം മാത്രമായി അവശേഷിക്കുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 22 ശതമാനം മാത്രമാണ് വിജയം കൈവരിക്കാൻ കഴിഞ്ഞത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള സർക്കാരിന്റെ സമീപനം തിരുത്തണം. ചെങ്ങറയിൽ സമരക്കാർ ഉന്നയിക്കുന്ന നിയമപരവും ന്യായവുമായ ആവശ്യങ്ങൾ അംഗീകരിക്കാനും അതിന് പരിഹാരമുണ്ടാക്കാനും നടപടി സ്വീകരിക്കണം. ആറളം ഫാമിൽ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിലെ കാലതാമസംമൂലമുണ്ടാകുന്ന അനധികൃത കയ്യേറ്റങ്ങൾ തടയാൻ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി അർഹതപ്പെട്ടവർക്ക് വീതിച്ചുകൊടുക്കണം. സംസ്ഥാനത്ത് നിയമവാഴ്ച തകർന്നിരിക്കുകയാണ്. വടക്കൻ ജില്ലകളിൽ പനി വ്യാപകമാകുന്നത് തടയാനും ഡോക്ടർമാരുടെ സമരം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. സ്വാശ്രയ പ്രൊഫഷണൽ മേഖലയിൽ സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം കുട്ടികൾക്ക് പ്രവേശനത്തിന് അവസരം ലഭിച്ചാൽ മുഴുവൻ ഫീസും നൽകിയശേഷമേ ഹയർ ഓപ്ഷനിലേയ്ക്ക് പോകാൻ പാടുള്ളുവെന്ന നിബന്ധന ദ്രോഹകരമാണ്. 2000 കോടി രൂപയുടെ മരാമത്ത്

പദ്ധതികൾക്ക് അംഗീകാരം കൊടുത്തുവെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചത് പ്രചരണത്തിനു വേണ്ടി മാത്രമാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പയറിന് ഒരു കിലോയ്ക്ക് 10 രൂപ സബ്സിഡി അനുവദിച്ചിരുന്നു. ഏതെങ്കിലും ഗവൺമെന്റ് ഏജൻസി തന്നെ ഇതെടുത്ത് വിതരണം ചെയ്യണമെന്നുള്ള കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഇതിനായി ചുമതലപ്പെടുത്തിയത്. ബോംബെ തുറമുഖത്തിൽ നിന്ന് ഒരു ടൺ പയർ 31,946.40 രൂപയ്ക്കാണ് എടുക്കേണ്ടത്. കൂടാതെ കടത്തുകൂലിയും കൈകാര്യ ചെലവും കഴിഞ്ഞാണ് ഇവിടെ കൊണ്ടുവരുന്നത്. കമ്പോളത്തിൽ ഒരു കിലോ പയറിന് 48 രൂപയുണ്ടായിരുന്നപ്പോൾ കേന്ദ്രം കേരളത്തിന് തന്നതിൽ നിന്ന് 4 രൂപ കുറച്ച് 28 രൂപയ്ക്കാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഇത് വിറ്റത്. വസ്തുതകൾ ഇതായിരിക്കെ സഭയിൽ തെറ്റായ പരാമർശം നടത്തിയത് ഖേദകരമാണ്. 2001 മുതൽ തുടർച്ചയായി എം.പി.എം.എസ്-ന് കൊടുക്കുന്ന അരി കേടുവരാതിരിക്കാൻ സപ്ലൈകോയെ ഏൽപ്പിച്ചിരുന്നതിന്റെ രേഖ മേശപ്പുറത്ത് വയ്ക്കാം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): യു.ഡി.എഫ് ഭരണകാലത്തുണ്ടായിരുന്നതിനേക്കാൾ ഇപ്പോൾ സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെട്ടിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി ഈ സർക്കാർ ഒരു അഭിപ്രായസമന്വയത്തിലൂടെയാണ് ഗുണ്ടാ ആക്ട് പാസ്സാക്കിയത്. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം മുന്നൂറിൽപ്പരം ഗുണ്ടകളെ ഈ

നിയമപ്രകാരം തടങ്കലിൽ വച്ചു. ഗുണ്ടാനിയമം പോരായ്മകൾ പരിഹരിച്ചുകൊണ്ട് കർശനമായി നടപ്പാക്കുന്നതാണ്. ക്രമസമാധാന പാലനത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിലാണ്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായ ഭരണം കാഴ്ചവച്ചുകൊണ്ട് തെറ്റുകൾ തിരുത്തി ഈ സർക്കാർ ശക്തമായി മുന്നോട്ടുപോകും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2009-2010-ലേയ്ക്കുള്ള സർക്കാരിന്റെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളെക്കുറിച്ച് വിശദമായ ചർച്ചയ്ക്കുശേഷം ചെലവുകൾക്ക് പണം വിനിയോഗിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുകയാണ്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള എല്ലാ പദ്ധതികൾക്കും പണം നൽകാൻ കഴിയാത്തതുകൊണ്ട് ചില മുൻഗണനകളുടെ അടിസ്ഥാനത്തിലാണ് ചെലവുകൾ നിർണ്ണയിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് വരുമാനത്തിനനുസരിച്ച് മാത്രമേ പണം ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. വായ്പ എടുക്കണമെങ്കിൽപ്പോലും കേന്ദ്ര സർക്കാരിന്റെ അനുമതി വേണം. സ്ഥിരമായുള്ള ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾക്കുവേണ്ടി വായ്പയെടുക്കുന്നതിലും ട്രഷറി നിക്ഷേപം സ്വീകരിക്കുന്നതിലും കുഴപ്പമില്ലെന്ന ദീർഘവീക്ഷണമാണുള്ളത്. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകാൻ തീരുമാനിക്കുകയും 2000 കോടി രൂപയ്ക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇറിഗേഷനും കുടിവെള്ള പദ്ധതിക്കുമായി 1000 കോടി രൂപയുടെ ഭരണാനുമതി കൂടി നൽകുന്നതാണ്. എല്ലാ മണ്ഡലങ്ങളിലും നിലവിലുള്ള പ്രവൃത്തികളടക്കം 15 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ

നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഈ വർഷം കേരളത്തിന്റെ ധനകമ്മി 3.5 ശതമാനത്തിനും 4 ശതമാനത്തിനുമിടയിൽ ഉയർത്തണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. നടപ്പുവർഷം ചെയ്യാൻ ഉദ്ദേശിച്ചിരുന്ന വർക്കുകളുടെ സ്റ്റേറ്റ്മെന്റ്സ് പ്രിന്റ് ചെയ്യാൻ കൊടുത്തതിനുശേഷമാണ് 5000 കോടി രൂപയിൽ ഉൾപ്പെടുത്തേണ്ട വർക്കുകളെപ്പറ്റിയുള്ള തീരുമാനമെടുത്തത്. അതുകൊണ്ടാണ് അവയെ ബഡ്ജറ്റ് ഡോക്യുമെന്റ്സിന്റെ രണ്ടാം വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 20 ശതമാനം തുക ബഡ്ജറ്റിൽ നീക്കിവയ്ക്കാത്ത പണികൾക്ക് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സ്പെഷ്യൽ സാംഗ്ഷൻ വേണം. അവയ്ക്ക് എ.എസ്. നൽകാൻവേണ്ടിയാണ് ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുന്നത്. ഭൂമിയുടെ അക്വിസിഷനുമായി ബന്ധപ്പെട്ട് പണം കൊടുക്കാനുള്ള കേസ്സുകളിന്മേൽ തീർപ്പ് കല്പിക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കുകയും കുടിശ്ശികകൾ കൊടുത്തുകൊണ്ടിരിക്കുകയുമാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 5000 കോടി രൂപയുടെ പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചശേഷം മേയ് മാസം 31-ാം തീയതിക്കുമുമ്പ് ബഹുമാനപ്പെട്ട എം.എൽ.എ.മാർ നൽകിയ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുണ്ടാക്കി ജൂൺ 30-നുമുമ്പ് എ.എസ്. കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയും ജൂലൈ 31-നുമുമ്പ് ഭരണാനുമതി നൽകുകയും ചെയ്യും. .

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുമ്പോൾ ഭൂമി കേരളം പദ്ധതിയിൽ വനാവകാശ നിയമം അനുസരിച്ചുള്ള ആദിവാസി ഭൂമി അളന്നുതിരിച്ച് ഏറ്റെടുക്കുന്നതോടൊപ്പം ഒരു സ്പെഷ്യൽ പ്രോഗ്രാമിൽ

ഉൾപ്പെടുത്തി എം.എൽ.എ-മാർക്ക് അനുവദിക്കാൻ പോകുന്ന വർക്കുകൾക്ക് അവർ നിർദ്ദേശിക്കുന്ന സ്ഥലത്തിന് പ്രയോറിറ്റി നൽകി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നൽകുന്നതാണ്. അതിനുള്ള കലണ്ടർ നിശ്ചയിച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ജലവിഭവ മേഖലയിൽ ഈ ആഴ്ചതന്നെ ഭരണാനുമതി കൊടുക്കാൻ കഴിയുമെന്ന് പ്രഖ്യാപിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പൂർണ്ണമായി ചെയ്ത് കാര്യക്ഷമമാക്കുന്നതിന് 106 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതിയിൽ മുടങ്ങിക്കിടക്കുന്ന നഗര ശുദ്ധജലവിതരണ പദ്ധതികൾ മുഴുവൻ പൂർത്തീകരിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. രണ്ട് പദ്ധതികൾക്കും ജൂലൈ മാസം അവസാനത്തോടുകൂടി ഭരണാനുമതി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ മലബാർ ഇറിഗേഷൻ പാക്കേജിന്റെ ഭാഗമായുള്ള പ്രത്യേക പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിലൂടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ആശാവഹമായ വളർച്ച കൈവരിക്കുന്നതിന് ധനകാര്യ വകുപ്പ് കാണിച്ച ആർജ്ജവം പ്രശംസനീയമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർക്കാർ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുകയും ക്ഷേമ പെൻഷനുകൾ 250 രൂപയാക്കി വർദ്ധിപ്പിക്കുകയും രണ്ട് രൂപയ്ക്ക് അരി നൽകുകയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടേയും മത്സ്യത്തൊഴിലാളികളുടേയും ആനുകൂല്യങ്ങൾ ഇരട്ടിയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി 11 ശതമാനം തുക

നീക്കിവയ്ക്കുകയും 25 ലക്ഷം രൂപയുടെ ആരോഗ്യ സുരക്ഷാ പരിപാടി ആവിഷ്കരിക്കുകയും ചെയ്തു. ആശ്രയ പദ്ധതിയുടെ ഭാഗമായി ഇപ്പോൾ ഓരോ കുടുംബത്തിനും മൈക്രോ പ്ലാനുണ്ടാക്കി 50000-ത്തോളംപേരെ ഗുണഭോക്താക്കളാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുകയുമാണ്. ഗുണഭോക്തൃ പദ്ധതികളും മറ്റും നടപ്പാക്കുന്നതിന് എസ്.ജി.എസ്.വൈ, എസ്.ജി.ആർ.വൈ, ഐ.എ.വൈ. പദ്ധതികളിലായി 88 ശതമാനം തുകയും എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ടുകൾ, സാനിട്ടേഷൻ കാമ്പയിൻ, ഹരിയാലി പദ്ധതി, പി.എം.ജി.എസ്.വൈ എന്നിവയ്ക്ക് 55 ശതമാനം തുകയും ചെലവഴിക്കുകയുണ്ടായി. തൊഴിലുറപ്പ് പദ്ധതി മാന്യുവൽ വർക്കിന്റെ അടിസ്ഥാനത്തിലുള്ളതാക്കി മാറ്റി കേരളത്തിന് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിൽ ഇതുവരെയില്ലാത്ത തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 28-നെതിരെ 56 വോട്ടുകളോടുകൂടി സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## വർക്ക്ഷോപ്പ്

മി. സ്പീക്കർ: ഇന്ന് വൈകുന്നേരം 5.00 മണിക്ക് V D കോൺഫറൻസ് ഹാളിൽ മലയാളം കമ്പ്യൂട്ടിങ്ങിനെ സംബന്ധിച്ചും ഐഡിയാസ് വെബ് ആപ്ലിക്കേഷനെ സംബന്ധിച്ചും സംഘടിപ്പിക്കുന്ന വർക്ക്ഷോപ്പിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 4.09-ന് പിരിഞ്ഞു.